മി. സ്പീക്കർ : ജാഥ നടത്തിയതിന് ഗുണമുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഈ സ്കീമിൽ 104213 യുവകർഷകരാണ് അംഗങ്ങളായിട്ടുള്ളത്. ആയിരം രൂപയാണ് ഇതിൽ അംഗം ആകുന്നതിന് ഈ യുവകർഷകരിൽനിന്ന് വാങ്ങുന്നത്. 100 രൂപ രജിസ്ട്രേഷൻ ഫീസ്. സർ, ഇപ്പോൾ പത്തൊൻപത് കോടി നാൽപ്പത്തിയെട്ടുലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി നാൽപത്തിയൊൻപത് രൂപ ട്രഷറിയിൽ ഉണ്ട്. ഇവർക്ക് അറുപത് വയസ്സാകുമ്പോൾ മുപ്പതിനായിരം രൂപ മുതൽ അറുപതിനായിരം രൂപവരെ ഗ്രാറ്റുവിറ്റിയായിട്ട് കൊടുക്കണം. പിന്നെ പ്രതിമാസം ആയിരം രൂപ പെൻഷൻ കൊടുക്കണം. ഇതിൽ അംഗമായവർ ആയവർ മരണപ്പെടുകയാണെങ്കിൽ ഇരുപത്തിഅയ്യായിരം മുതൽ ഒരു ലക്ഷംവരെ ആ കുടുംബത്തിന് നഷ്ടപരിഹാരം കൊടുക്കണം. വർഷങ്ങൾ കഴിഞ്ഞട്ടാണ് ഈ സ്കിം നടപ്പിലാക്കേണ്ടിവരിക യെന്നുള്ളതുകൊണ്ട് നമുക്ക് ഒരു പ്രശ്നവുമില്ല. 2034-ലോ 2035-ലോ വരുന്ന സ്റ്റേറ്റ് ഗവൺമെന്റുകൾ അതിന്റെ ബാദ്ധ്യത പരിശോധിക്കും എന്നുള്ളതുകൊണ്ട് ഒരു ബാദ്ധ്യതയും ഇപ്പോഴില്ല. 2034-ൽ എന്റെ സുഹൃത്ത് ശ്രീ. കെ.സി. ജോസഫ് ആണ് ഇത് നടപ്പിലാക്കേണ്ടതായിട്ട് വരികയെങ്കിൽ ഒരു പ്രശ്നവുമില്ല അദ്ദേഹം അത് നടപ്പിലാക്കുന്നതിൽ ഒരു വിരോധവുമില്ല, അതിന് സഹായകരമായ രീതിയിൽ ഈ പണം സ്വരൂപിച്ച് അങ്ങയെ ഏൽപിക്കാവുന്ന രീതിയിൽ ഇത് ചെയ്യാം. എന്നാൽ ഇതിന്റെ പേരിൽതന്നെ നമ്മുടെ ഡയറക്ടറേറ്റിലും ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിലും പുതുതായി സൃഷ്ടിച്ച തസ്തികകളിൽ പണിയെടുക്കുന്നവർക്ക് ഒരു വർഷം 70 ലക്ഷത്തിലധികം രൂപ ശമ്പളമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഞാൻ ഈ സ്കീമിന്റെ മറ്റു വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടാക്കിയ ഒരു സ്കീമാണ്. ഈ സ്കീമിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും ഈ സഭയിൽ ചർച്ച ചെയ്യാൻ തയ്യാറാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ സ്കീമിൽ അംഗമായിട്ടുള്ളവർ സ്വയം തൊഴിൽ ചെയ്യാൻ തയ്യാറായിട്ട് വരികയാണെങ്കിൽ അവരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ സീഡ് ഉൽപാദനവുമായി ബന്ധപ്പെടുത്തികൊണ്ട് ഇതിൽ അംഗമായിട്ടുള്ളവർക്ക് ആ സ്ഥലത്ത് സീഡ് ഉൽപ്പാദനത്തിന് വേണ്ടിയിട്ട് സാമ്പത്തിക സഹായം കൊടുക്കാനും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും ഗവൺമെന്റ് തയ്യാറാണ്.

(15) മഞ്ചേരി മണ്ഡലത്തിലെ ഊർങ്ങാട്ടിരി പഞ്ചായത്തിൽ കഴിഞ്ഞ വർഷമുണ്ടായ ഉരുൾപൊട്ടലും കാലവർഷക്കെടുതിയുംമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, മഞ്ചേരി നിയോജകമണ്ഡലത്തിലെ ഊർങ്ങാട്ടിരി പഞ്ചായത്തിൽ കഴിഞ്ഞ വർഷമുണ്ടായ ഉരുൾപ്പൊട്ടലിലും കാലവർഷക്കെടുതിയിലും കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് ആശ്വാസം നൽകാൻ കഴിയാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപിൽ ഈ കാര്യം എനിക്കു പറയേണ്ടിവന്നത്. ധാരാളം കുടിയേറ്റ കർഷകർ

LIBRARY ARCHIVES Kerala Legislative Assembly

തിങ്ങിപ്പാർക്കുന്ന ഈർങ്ങോട്ടിരി പഞ്ചായത്തിൽ പനംപ്ലാവ്, വൈരങ്ങോട്, ആലപ്പാറ, കൊക്കിൽപ്പാറ, വെറ്റിലപ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ കാലവർഷക്കെടുതിയിലും ഉരുൾപൊട്ടലിലും ധാരാളം ഏക്കർ കൃഷി നശിക്കുകയുണ്ടായി. ഇരുന്നൂറോളം കൃഷിക്കാരുടെ റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക് തുടങ്ങിയ കൃഷികൾ നഷ്ടപ്പെട്ടു. കൃഷി വകുപ്പിൽനിന്ന് നാമമാത്രമായ ആശ്വാസ സംഖ്യയാണ് അവർക്ക് നൽകിയിട്ടുള്ളത്. ധാരാളം കെട്ടിടങ്ങൾക്കും റോഡുകൾക്കും കേടുപറ്റി. 1998-ലും 1997-ലും നഷ്ടപ്പെട്ടവർക്കുപോലും ഇന്നുവരെ പണം കിട്ടിയിട്ടില്ല. സ്ഥിരമായ ഉരുൾപൊട്ടലും മറ്റു നാശനഷ്ടങ്ങളും ഇല്ലാതിരിക്കാൻ വാട്ടർഷെഡ്ഡിന്റെ പ്രവർത്തനമുണ്ടായിരുന്നു. നിർഭാഗ്യമെന്നുപറയട്ടെ കൃഷിവകുപ്പിൽനിന്നും ഇപ്പോൾ അതും നടക്കുന്നില്ല. വാഴയ്ക്ക് 50 രൂപയും 20 വർഷം പ്രായമുള്ള തെങ്ങുകൾക്ക് നൂറും നൂറ്റിയൻപതും രൂപയാണ് നഷ്ടപരിഹാരമായി കൊടുക്കുന്നത്. ഈ കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. ദുരിതവുമായി മുന്നോട്ടുപോകുന്ന കൃഷിക്കാരെ ആത്മാർത്ഥമായി സഹായിക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി മറുപടി പറയേണ്ട വിഷയമാണ്. പക്ഷെ അനുവദിച്ചുതന്നത് എനിക്കാണ്. നമ്മൾ ആരു മറുപടി പറഞ്ഞാലും പ്രശ്നമില്ല. ബഹുമാനപ്പെട്ട ഇസ്ഹാക് കുരിക്കൾ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ശരിയാണ്. 28-10-1999-ലെ കനത്ത മഴയും ഉരുൾപൊട്ടലുംമൂലം മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ വെറ്റിലപ്പാറ വില്ലേജിൽ പനംപ്ലാവ്, പന്നിയൻമല, വെറ്റിലപ്പാറ, വൈരങ്ങോട്, ആലപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ കൃഷി നശിച്ചു. വീടുകൾക്കും റോഡുകൾക്കും നാശനഷ്ടം സംഭവിച്ചു. മൂന്നു വീടുകൾ പൂർണ്ണമായും 11 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. വീടുകൾ തകർന്നവർക്ക് നാലായിരം രൂപ വച്ച് നാല്പത്തിനാലായിരം രൂപയും പൂർണ്ണമായി വീടു തകർന്നവർക്ക് പതിനയ്യായിരം രൂപ വീതവും കൊടുക്കാൻ അനുവദിച്ചിട്ടുണ്ട്. പത്തു ഗ്രാമീണ റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇവയുടെ പുനരുദ്ധാരണത്തിന് അനുമതി നൽകിയിട്ടുണ്ട്. 150 പേർക്ക് കൃഷി നാശമുണ്ടായിട്ടുണ്ട്. ഇവർക്ക് നഷ്ടപരിഹാരമായി ഒരു ലക്ഷത്തി പതിനാറായിരം രൂപ വിതരണം ചെയ്തിട്ടുണ്ട്. അതിൽ തുകയുടെ ലഭ്യതയനുസരിച്ച് നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് കുറച്ചുകൂടി തുക കൊടുക്കാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആ പ്രദേശത്ത് വാട്ടർ ഷെഡിന്റെ പ്രവർത്തനം നടത്തുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(16) ആലപ്പുഴ പട്ടണത്തിലെ കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്. പേവാർഡുകളുടെ ശോച്യാവസ്ഥ

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ആലപ്പുഴ ചേർത്തല പട്ടണങ്ങളിൽ സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കേരള ഹെൽത്ത് റിസെർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി പേ വാർഡുകളുടെ ദയനീയാവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly